بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 07.01.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## വഖ്ഫെ ജദീദ് പുതുവത്സര പ്രഖ്യാപനം

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

وَمَثَلُ الَّذِيۡنَ يُنۡفِقُوۡنَ اَمۡوَالَهُمُ ابۡتِغَآءَ مَرۡضَاتِ اللّٰهِ وَتَثۡبِيۡتًا مِّنۡ اَنۡفُسِهِمۡ كَمَثَلِ جَنَّةٍۢ بِرَبۡوَةٍ اَصَابَهَا وَابِلٌ فَاٰتَتۡ اُكُلَهَا ضِعۡفَيۡنِۚ فَاِنۡ لَّمۡ يُصِبۡهَا وَابِلٌ فَطَلٌّؕ وَاللّٰهُ بِمَا تَعۡمَلُوۡنَ بَصِيۡرٌ ۝

ഈ ആയത്തിന്റെ തർജമ ഇപ്രകാരമാകുന്നു,

അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുക്കൊണ്ടും, തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തിയും കൊണ്ടും തങ്ങളുടെ ധനം ചിലവഴിക്കുന്നരുടെ ഉപമ ഒരു ഉയർന്ന സ്ഥലത്തുള്ള തോട്ടത്തിന്റേതു പോലെയാകുന്നു. അതിന് കനത്ത മഴ ലഭിച്ചപ്പോൾ അത് അതിന്റെ ഫലം രണ്ടിരട്ടി നൽകി. ഇനി അതിന് സമൃദ്ധമായ മഴയൊന്നും കിട്ടിയില്ലെങ്കിൽ തന്നെയും ലഘുവായ മഴയായാലും (അതിനു മതിയാകുന്നതാണ്.) അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാകുന്നു.

വിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് അവന്റെ പ്രീതിയും സന്തോഷവും കരസ്ഥമാക്കുന്നവരാകുന്നതിനു മാത്രമല്ല, തങ്ങളുടെ സമൂഹത്തെയും ദൗത്യത്തെയും കരുത്തുള്ളതാക്കി മാറ്റുന്നതിനും കൂടിയാണ്. ഈ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ അധ്യാപനം വ്യാപിപ്പിക്കുന്നതിനുള്ള ബാധ്യത ഹദ്റത് മസീഹ് മൗഊദ്(അ)നെയാണ് ഏൽപിച്ചിട്ടുള്ളത്. അതുകൊണ്ട് അദ്ദേഹത്തെ അംഗീകരിക്കുന്നവരും ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യം പൂർത്തിയാക്കുന്നതിനുവേണ്ടി ജീവനും സമ്പത്തും സമയവും ത്യാഗം ചെയ്യേണ്ടതനിവാര്യമാണ്. എല്ലാ പ്രാവാചകന്മാരും തങ്ങളുടെ അനുയായികളോട് സാമ്പത്തിക ത്യാഗത്തിന് ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. ഹദ്റത് മസീഹ് മൗഊദ്(അ)ഉം പറഞ്ഞു: വിശ്വാസി തീർച്ചയായും ദീനിനുവേണ്ടി സാമ്പത്തിക ത്യാഗങ്ങൾ ചെയ്യുന്നതാണ്. അതുവഴി തങ്ങളുടെ ദൈവം ഏതെങ്കിലും വിധത്തിൽ തങ്ങളിൽ പ്രസാദിക്കുകയും തങ്ങളുടെ അന്തകരണത്തിന് ദൃഢത ലഭ്യമാകുകയും തങ്ങളുടെ വിശ്വാസവും ദൃഢബോധ്യവും ശക്തമാകുകയും ചെയ്യണം.

ഈ ആയത്തിൽ അല്ലാഹുവിനുവേണ്ടി ചിലവഴിക്കുന്നവരുടെ ഉദാഹരണം രണ്ടു വിധത്തിൽ പറഞ്ഞിരിക്കുന്നു ഒന്ന് *വാബിലുൻ*, അതായത് പെരുംതുള്ളികൾ ഉള്ള തീവ്രമഴ. രണ്ടാമത്തേത് *ത്വല്ലുൻ* അതായത് ദുർബലവും നേർത്തതുമായ ചാറ്റൽ മഴ. അതല്ലെങ്കിൽ ശബ്നം. കൂടുതൽ സൗകര്യങ്ങൾ ഉള്ളവർക്ക് ദീനിനുവേണ്ടി കൂടുതലായി ചിലവഴിക്കാൻ കഴിയുന്നു. എന്നാൽ ദരിദ്രനായ വ്യക്തി, തനിക്ക് എങ്ങനെയാണ് അവർക്കു തുല്യനാകാൻ കഴിയുക എന്നതിൽ അസ്വസ്ഥനാകുന്നു. ത്യാഗങ്ങളുടെ ഫലം അല്ലാഹുവാണ് നൽകുന്നത്. അല്ലാഹു നിങ്ങളുടെ അവസ്ഥകളും ഉദ്ദേശങ്ങളും അറിയുന്നു എന്നിരിക്കെ അവൻ നിങ്ങളുടെ ചെറിയ ത്യാഗങ്ങളെയും ഇരട്ടിയോ അല്ലെങ്കിൽ അതിലധികമോ ഫലദായകമാക്കുന്നതാണ്.

നബി കരീം(സ) ഒരിക്കൽ പറഞ്ഞു: ഇന്ന് ഒരു ദിർഹം ഒരു ലക്ഷം ദിർഹത്തേക്കാൾ മറികടന്നിരിക്കുന്നു. സഹാബാക്കൾ (അതെങ്ങനെയാണെന്നു) ചോദിച്ചപ്പോൾ തിരുനബി(സ) പറഞ്ഞു: ഒരാളുടെ കൈവശം ഉണ്ടായിരുന്ന രണ്ടു ദിർഹമിൽ നിന്ന് ഒരു ദിർഹം അയാൾ ത്യാഗം ചെയ്തിരിക്കുന്നു. മറ്റൊരാളുടെ കയ്യിൽ ഉണ്ടായിരുന്ന അനവധി സമ്പത്തിൽ നിന്ന് ഒരു ലക്ഷം ദിർഹം ത്യാഗം ചെയ്തു. അയാളുടെ ഒരു ലക്ഷത്തിന്റെ ത്യാഗം അയാളുടെ സമ്പത്തിനെ വെച്ച് നോക്കുമ്പോൾ വളരെ കുറവായിരുന്നു. ചുരുക്കത്തിൽ അല്ലാഹു നിയ്യത്തുകൾക്കാണ് പ്രതിഫലം നൽകുന്നത്. അല്ലാഹു നമ്മുടെ ഓരോ കർമങ്ങളെയും കാണുന്നവനാണ്. അത് കൊണ്ട് നാം ചെയ്യുന്ന ഓരോ കർമ്മവും അല്ലാഹുവിന്റെ തൃപ്തി ലക്ഷ്യമാക്കിക്കൊണ്ടാണെങ്കിൽ മാത്രമേ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ യഥാർഥ അവകാശിയായിത്തീരാൻ കഴിയുകയുള്ളു.

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ അനുയായികളിൽ ഭൂരിപക്ഷവും ദരിദ്രരായിരുന്നു. എന്നാൽ ത്യാഗങ്ങളിൽ എത്ര മാത്രം മുന്നേറിയിരുന്നുവെന്നാൽ അവരുടെ ശരീരത്തിൽ ചുരുങ്ങിയ വസ്ത്രങ്ങൾ മാത്രമാണുള്ളത്. വളരെ പ്രയാസപ്പെട്ടാണ് അവർക്ക് പുതപ്പോ കുപ്പായമോ ലഭ്യമാകുന്നത്. അവർക്ക് യാതൊരു സ്വത്തുമുണ്ടയിരുന്നില്ല. എന്നാൽ അവരുടെ ആത്മാർഥതയും സ്നേഹവും കൂറും വിശ്വസാവേശവും കാണുമ്പോൾ നമുക്ക് അത്ഭുതം തോന്നുന്നു. എത്രത്തോളമെന്നാൽ എതിരാളികളും അത്ഭുതം കൂറുന്നു.

ചുരുക്കത്തിൽ, കൂറിലും ആത്മാർഥതയിലും അഭിവൃദ്ധിയും വിശ്വാസാവേശത്തിലുള്ള അനിതര സാധാരണമായ നിലവാരവും കർമ്മ രൂപത്തിൽ ഇന്നും ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലെ വ്യക്തികളിൽ നമുക്ക് കാണാൻ കഴിയുന്നു. ശത്രുക്കൾക്കു പോലും നവഅഹ്മദികളിൽ കുറച്ചു കാലം കൊണ്ടുണ്ടാകുന്ന മാറ്റം കാണുമ്പോൾ അത്ഭുതം തോന്നുന്നു. അത് അല്ലാഹു അവരുടെ ശുദ്ധ പ്രകൃതവും സൗഭാഗ്യാവസ്ഥയും കണ്ടുകൊണ്ട് അവർക്കുമേൽ വർഷിച്ചതാണ്. സൽപ്രകൃതവും ശുദ്ധമനസ്കതയും ബൈഅത്തിന്റെ കടമകൾ നിറവേറ്റാനുള്ള താത്പര്യവും കാലത്തിന്റെ ഖലീഫയോടുള്ള കൂറിന്റെ പ്രകടനവും ധനത്യാഗം ചെയ്യുന്നവരുടെ വാക്കുകളിൽ നിന്നും പ്രവർത്തികളിൽ നിന്നും വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള ഒരു വഴി അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുകയെന്നതാണെന്ന് ഇവർ തിരിച്ചറിഞ്ഞതിനാൽ സാമ്പത്തിക ത്യാഗം ചെയ്തു പരസ്പരം മുന്നേറാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ജമാഅത്ത് സ്ഥാപിക്കപ്പെട്ടത് തന്നെ പുഷ്പിക്കാനും കായ്ക്കാനും വലുതാകാനുമാണ്. ശത്രുവിന്റെ ഒരു പ്രഹരത്തിനും ഇതിന് ഒരു ഒരു പോറൽ പോലുമേല്പ്പിക്കാൻ സാധ്യമല്ല.

സെറാലിയോൺ, ചാഡ്, ടോഗോ, ബെലീസ്, ഗിനികിനാകിരി, ഗാംബിയ, ജർമനി, ബ്രിട്ടൻ, ഇന്ത്യ, മാലി, പോളണ്ട്, തൻസാനിയ, ഐവറികോസ്റ്റ്, കേമരൂൻ, ഘാന എന്നീ രാജ്യങ്ങളിലെ ജമാഅത്ത് അംഗങ്ങൾ സാമ്പത്തിക ത്യാഗങ്ങൾ ചെയ്തുകൊണ്ട് തങ്ങളുടെ വിശ്വാസവും ദൃഢബോധ്യവും വെളിപ്പെടുത്തിയതും അല്ലാഹുവിൽ നിന്നും അവർക്ക് വിശ്വസത്തിൽ സ്ഥിര ചിത്തത ലഭിച്ചതുമായ ഏതാനും വിശ്വാസ വർധകസംഭവങ്ങൾ വിവരിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറയുന്നു: അല്ലാഹു വളരേ പെട്ടന്നു തന്നെ അനുഗ്രഹിക്കുന്നതിന്റെ ഒരു ഉദാഹരണം ഇന്ത്യയിലെ യാദ്ഗീർ ജമാഅത്തിൽ നിന്നാണ്. വഖ്ഫെ ജദീദിന്റെ വർഷാവസാനത്തിൽ ഇൻസ്പെക്ടർ സാഹിബ് ഒരു ഖാദിമിനോടു വഖ്ഫെ ജദീദ് ചന്ദഃ നൽകാൻ പറഞ്ഞപ്പോൾ, ആർക്കോ പെട്ടെന്നു തന്നെ കൊടുക്കാനുള്ള 1500 രൂപയാണ് എന്റെ കീശയിലുള്ളത് എന്നു പറഞ്ഞു. ഇതു ഞാൻ നൽകിയാൽ പിന്നെ അയാൾക്കെങ്ങനെ നൽകാനാകും? പെട്ടെന്നു പണം സംഘടിപ്പിക്കാൻ മറ്റൊരു മാർഗവും കാണുന്നില്ല. എന്നാൽ അദ്ദേഹം ആ 1500 രൂപ ചന്ദഃയായി നൽകി. പിറ്റേന്നു സെക്രട്ടറി സാഹിബിന്റെ കൂടെ വഖ്ഫെ ജദീദ് ഇൻസ്പെക്ടർ സാഹിബ് ഇദ്ദേഹത്തിനെ കാണാനായി കടയിലേക്കു പോയപ്പോൾ അദ്ദേഹം കീശയിൽ നിന്നും പണത്തിന്റെ കെട്ടുകൾ പുറത്തെടുത്തുവെച്ചുകൊണ്ടു പറഞ്ഞു: ഇന്നലെ ഞാൻ ചന്ദഃ നൽകി വീട്ടിലെത്തിയപ്പോൾ പലരും നൽകാനുണ്ടായിരുന്ന കുടുങ്ങിക്കിടന്ന ആയിരങ്ങൾ പല സ്ഥലങ്ങളിൽ നിന്നും എനിക്ക് വന്നു. ഇപ്രകാരം അല്ലാഹു അനുഗ്രഹിക്കുകയുണ്ടായി.

പിന്നീട് ധനികരുമുണ്ട്. ഭൗതികരുടെ ദൃഷ്ടിയിൽ അത്ര ധനികരുമൊന്നുമല്ല. എന്നാൽ ജമാഅത്ത് തലത്തിൽ ഒരു സാഹിബുണ്ട്. കരുളായി ജമാഅത്തിലെ അദ്ദേഹം പത്തു ലക്ഷം രൂപ ചന്ദഃ നൽകി. ക്രിസ്തുമതത്തിൽനിന്നും അഹ്മദിയ്യത്തിലേക്കു വന്ന അദ്ദേഹത്തിന്റെ ഭാര്യ ദുആകളിലും നമസ്കാരത്തിലും വളരേ ആവേശം കാണിക്കുന്ന ആത്മാർഥതയുള്ള സ്ത്രീയാണ്. ഇവർ രണ്ടുപേരും മൂസികളാണ്. (ഇൻസ്പെക്ടർ സാഹിബ്) പറയുന്നു: ഞങ്ങൾ അവരുടെ വീട്ടിലേക്കു പോയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ അഞ്ചു ലക്ഷത്തിന്റെ ചെക്കു മുറിച്ചു തന്നു. അവരോട് ഇൻസ്പെക്ടർ നിങ്ങളുടെ ഭർത്താവ് മുമ്പേ 10 ലക്ഷം നല്കിയതാണ്, ഇപ്പോൾ നിങ്ങൾ വീണ്ടും നൽകുകയാണോ എന്നു ചോദിച്ചപ്പോൾ ആ സ്ത്രീയുടെ മറുപടി: ഞങ്ങൾക്കു ലഭിച്ച അനുഗ്രഹങ്ങളെല്ലാം തന്നെ ചന്ദഃയുടെ ബർകത്തുകൊണ്ടാണ്. അതുകൊണ്ട് വീണ്ടും വീണ്ടും ചന്ദഃ നൽകാനാണ് മനസ്സാഗ്രഹിക്കുന്നത്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ത്യാഗങ്ങളുടെ നിലവാരം പുരുഷന്മാരിലും സ്ത്രീകളിലും മുതിർന്നവരിലും മാത്രമല്ല, യുവത്വത്തിലേക്കു കാലെടുത്തുവെക്കുന്ന കുട്ടികളിലും കാണാൻ സാധിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ വലിയ വലിയ ആത്മാർഥരായവർ ഉണ്ടായികൊണ്ടിരിക്കുന്നു.

കഴിഞ്ഞ വർഷം ജമാഅത്തിന് 187 പള്ളികൾ നിർമിക്കാൻ അല്ലാഹു സൗഭാഗ്യം നൽകി. കൂടാതെ

ആഫ്രിക്കയിൽ 105 പള്ളികൾ നിർമാണത്തിലാണ്. അതുപോലെ 144 മിഷൻ ഹൗസുകൾ നിർമിച്ചതിൽ അധികവും ആഫ്രിക്കയിൽ ആണ്. 45 മിഷൻ ഹൗസുകൾ നിർമാണത്തിലുമാണ്. ഇതുകൂടാതെ പെട്ടെന്നു നമ്മുടെ മിഷൻ ഹൗസുകൾ നിർമിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ വാടകക്കാണ് കെട്ടിടങ്ങൾ വാങ്ങുന്നത്. ഇപ്രകാരം ആഫ്രിക്കൻ രാജ്യങ്ങളിൽ 731 ഉം കൂടാതെ ഏഷ്യൻ രാജ്യങ്ങളിൽ 632 ഉം മിഷൻ ഹൗസുകൾ വാടകക്കാണ് (എടുത്തിട്ടുള്ളത്.)

അല്ലാഹു സത്യസന്ധമായ വാഗ്ദാനം നൽകുന്നവനാണ്. അവൻ ഹദ്റത് മസീഹ് മൗഊദ്(അ) നോടു ചെയ്ത വഗ്ദാനങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. അദൃശ്യങ്ങളിൽ നിന്ന് സഹായങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. ഇൻശാഹ് അല്ലാഹ് ചെയ്തുകൊണ്ടേയിരിക്കുന്നതാണ്. നമ്മൾ അവന്റെ തൃപ്തി കരസ്ഥമാക്കിക്കോണ്ട് അവന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകാൻ അല്ലാഹു അവസരം നൽകുകയാണ് (ചെയ്യുന്നത്). അവന്റെ അനുഗ്രഹങ്ങളെ സ്വായത്തമാക്കാൻ അല്ലാഹു തആലാ നമുക്കു സൗഭാഗ്യം നൽകുമാറാകട്ടെ.

ഹുസൂർ തിരുമനസ്സ് 2022 ലെ വഖ്ഫെ ജദീദ് പുതുവത്സര പ്രഖ്യാപനം നടത്തിക്കൊണ്ടു പറയുന്നു: 2021 ലെ വഖ്ഫെ ജദീദിന്റെ 64 ാം വർഷത്തിൽ ഒരു കോടി പന്ത്രണ്ടു ലക്ഷത്തി ഇരുപത്തി ഏഴായിരം പൗണ്ടിന്റെ ത്യാഗമാണ് ചെയ്തത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു ഈ ത്യാഗം ഏഴു ലക്ഷത്തി നാൽപ്പത്തി രണ്ടായിരം പൗണ്ട് അധികമാണ്. ഇതിൽ പങ്കെടുത്തവരുടെ എണ്ണം പതിനാലു ലക്ഷത്തി നാൽപ്പത്തി അയ്യായിരം ആണ്. ലോകത്തിന്റെ സാമ്പത്തിക അവസ്ഥ വെച്ചു നോക്കുമ്പോൾ ഇത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമാകുന്നു.

പാകിസ്താന്റെ കറൻസിയുടെ മൂല്യം വളരേയധികം ഇടിഞ്ഞ കാരണത്താൽ അവരുടെ പൊസിഷൻ വളരേ താഴേയാണു വന്നിരിക്കുന്നത്. എന്നിട്ടും തങ്ങളുടെ കഴിവനുസരിച്ചു വളരേ വലിയ ത്യാഗങ്ങളാണു ചെയ്തിരിക്കുന്നത്.

ലോകത്തിലെ വ്യത്യസ്ത ജമാഅത്തുകളുടെ പൊസിഷനുകൾ പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞു: മൊത്തത്തിലുള്ള പിരിവിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടൻ ഒന്നാം സ്ഥാനത്താണ്. പിന്നെ ജർമനി, കാനഡ, അമേരിക്ക, ഇന്ത്യ, ഓസ്ട്രേലിയ, ഇന്തോനേഷ്യ, മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, ഘാന, ബെൽജിയം.

ആളോഹരി നൽകിയതിന്റെയടിസ്ഥാനത്തിൽ അമേരിക്ക ഒന്നാം സ്ഥാനത്തും പിന്നെ സ്വിസർലാൻഡും ബ്രിട്ടനുമാണ്.

ഇന്ത്യയിലെ 10 സംസ്ഥാനങ്ങൾ കേരള, ജമ്മുകശ്മീർ, തമിഴ്നാട്, തെലുങ്കാന, കർണാടക, ഒഡീസ, പഞ്ചാബ്, വെസ്റ്റ് ബംഗാൾ, ഡൽഹി, മഹാരാഷ്ട്ര.

പിരിവിന്റെ അടിസ്ഥാനത്തിലുള്ള ഇന്ത്യയിലെ ആദ്യ 10 ജമാഅത്തുകൾ ഹൈദരാബാദ്, ഖാദിയാൻ, കരുളായി, പത്തപ്പിരിയം, കോയമ്പത്തൂർ, ബംഗലൂരു, കൽകത്ത, കോഴിക്കോട്, ഋഷിനഗർ, മേലേപാളയം.

അല്ലാഹു എല്ലാ ത്യാഗം ചെയ്യുന്നവരുടേയും ധനത്തിലും ജീവനിലും അളവറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ ـ وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 07.01.2022

Malayalam Translation: **T Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**